# ഭൂനികുതി അടച്ചതിന്റെ റസീറ്റിന്റെ പകർപ്പ്

Lalith Babu

ശ്രീ. ടി.ടി. കുഞ്ഞിരാമൻ എന്നയാൾക്ക് നല്കിയ ബേസിക് ലാന്റ് ടാക്സ് രസീതിന്റെ പകർപ്പാണ് അപേക്ഷകൻ വില്ലേജ് ഓഫീസറിൽ നിന്നും ആവശ്യപ്പെട്ടത്. മാത്രമല്ല രേഖകൾ പരിശോധിക്കാനായി വില്ലേജ് ഓഫീസിൽ ചെന്നപ്പോൾ ആവശ്യത്തിന് സഹകരണം ലഭിച്ചില്ലായെന്നും പരാതിയുണ്ട്. കമ്മീഷൻ തെളിവെടുപ്പിനായി നോട്ടീസ് നൽകിയതനുസരിച്ച് നെടിയേങ്ക വില്ലേജ് ഓഫീസിലെ സ്പെഷ്യൽ വില്ലേജ് ഓഫീസർ ശ്രീ. കെ.ടി. രാമചന്ദ്രൻ കമ്മീഷൻ മുമ്പാകെ ഹാജരായി 8 വർഷങ്ങളിലായി 800 -ഓളം രജിസ്റ്ററുകൾ പരിശോധിച്ചാൽ മാത്രമേ അദ്ദേഹം ആവശ്യപ്പെട്ട രസീതിന്റെ പകർപ്പുകൾ ലഭ്യമാകുമായിരുന്നു എന്നുള്ളതുകൊണ്ട് സമയപരിധിക്കുള്ളിൽ കൊടുക്കാൻ സാധിച്ചില്ലായെന്ന് ശ്രീ. കെ.ടി. രാമചന്ദ്രൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകി. നോട്ടീസ് നൽകിയിരുന്നെങ്കിലും പരാതിക്കാരൻ ഹാജരായില്ല. പരാതിക്കാരന്റെ പരാതിയിലെ വിശദാംശങ്ങളും പബ്ലിക് ഇൻഫർമേഷൻ ഓഫീസർ കെ.ടി. രാമചന്ദ്രന്റെ സത്യവാങ്മൂലവും പരിശോധിച്ചതിൽ മനഃപൂർവ്വമായി വിവരാവകാശനിയമത്തിന്റെ ലംഘനമൊന്നും പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നടത്തിയില്ലെന്ന് കമ്മീഷന് ബോധ്യമായി. മാത്രമല്ല ലഭ്യമായ വിവരങ്ങൾ, രസീതിന്റെ പകർപ്പുകൾ വളരെബുദ്ധിമുട്ടിയെങ്കിലും എടുത്ത് അദ്ദേഹം നൽകുകയും ചെയ്തു.

ഈ പരാതിയിൽ കൂടുതൽ നടപടികൾ ആവശ്യമില്ലായെന്നു കാണുന്നതുകൊണ്ട് ഇതിന്മേലുള്ള നടപടികൾ ഇതിനാൽ അവസാനിപ്പിച്ചിരിക്കുന്നു.

കമ്മീഷൻ ഇന്നേദിവസം 2011 ജനുവരിമാസം 4-ാം തീയതി ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.